5024
4/6/14

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായ വികസന വകുപ്പ് - പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി./ മറ്റു സമുദായ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1,00,000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ. (എം.എസ്.) നം.06/2014/പി.സ.വി.വ　　　　തിരുവനന്തപുരം, തീയതി :21/02/2014

---

പരാമർശം:- (1) ജി.ഒ.(പി) നം. 208/66/എഡ്യൂ. തീയതി : 02/05/1966.
(2) ജി.ഒ. (എം.എസ്.) 28/2001/പ.ജ.പ.വ.വി.വ തീയതി : 29/03/2001
(3) ജി.ഒ. (എം.എസ്.) 22/2010/ പ.ജ.പ.വ.വി.വ തീയതി : 24/02/2010.
(4) പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 17/01/2014-ലെ ബി.സി.ഡി.ഡി./എ 3/283 /2013 എന്ന നമ്പർ കത്ത്.
(5) പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടറുടെ 21/01/2014-ലെ എഡ്യൂ. എ 3/1404/14 എന്ന നമ്പർ കത്ത്.

**ഉത്തരവ്**

1) എസ്.ഇ.ബി.സി./ മറ്റു സമുദായ വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടു പ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിരുന്നു. പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം, 36000/- രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നതിനും, 36000/- രൂപയ്ക്ക് മുകളിൽ 46,000/- രൂപ വരെ പ്രതിവർഷം വരുമാനമുള്ളവർക്ക് മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സംഗ്രാന്റും നൽകുന്നതിനും ഉത്തരവായിരുന്നു.

2) പരാമർശം 3-ലെ സർക്കാർ ഉത്തരവ് പ്രകാരം കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 42,000/- രൂപയായി ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുള്ള നിലവിലെ 42,000/- രൂപ എന്ന വാർഷിക വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരാമർശം 4 ലെയും, 5 ലെയും റിപ്പോർട്ടുകളിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. നിലവിൽ സംസ്ഥാനത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു തൊഴിലാളിക്ക് 164/- രൂപ ദിവസ വേതനം ലഭിക്കുന്നതിനാലും, 2001-ൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ വരുമാന പരിധി നിശ്ചയിച്ചപ്പോഴുള്ള ഉപഭോക്തൃ വില സൂചികയിലെ ഇപ്പോഴത്തെ വർദ്ധനവും പരിഗണിച്ച്, എസ്.ഇ.ബി.സി. മറ്റു സമുദായ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള വാർഷിക

വരുമാന പരിധി, ക്രീമിലെയർ വരുമാന പരിധിയുടെ ആറിലൊന്ന് തുകയായ ഒരു ലക്ഷം രൂപയായി ഉയർത്തണമെന്ന ആവശ്യം ന്യായമാണ്. അതിൻ പ്രകാരം, പ്രസ്തുത വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനുള്ള വരുമാന പരിധി 1,00,000/-(ഒരു ലക്ഷം രൂപ) ആക്കി വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.എസ്. നെജിമുദ്ദീൻ**
*അഡീഷണൽ സെക്രട്ടറി*

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്,
ഡയറക്ടർ, പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്,
സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്,
ഡയറക്ടർ, കൊളീജിയറ്റ് വിദ്യാഭ്യാസ വകുപ്പ്,
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്,
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.
പൊതു പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O. No. 15591/WW3/14/Fin. dated 19/02/2014)
പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.(പ്രസിദ്ധീകരണത്തിനായി)
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
പൊതു വിദ്യാഭ്യാസ വകുപ്പ്.
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
പിന്നോക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്,
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്,